പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3773 — 11.12.2018 ൽ മറുപടിയ്ക്ക്

## കുളപ്പുള്ളി- പാലക്കാട് ഭാഗത്തെ റോഡപകടങ്ങൾ

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുളപ്പുള്ളി മുതൽ പാലക്കാട് വരെയുള്ള സംസ്ഥാന പാതയിൽ റോഡപകടങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിലുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാതയിൽ അമിതവേഗതയിൽ പോവുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിയമലംഘകരെ പിടികൂടി ശിക്ഷ ചുമത്തുന്നതിനും സംസ്ഥാന മോട്ടോർ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിലുണ്ടോ; | (ബി) | നിലവിൽ ലഭ്യമായ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ഉപയോഗിച്ച് സാധ്യമായ രീതിയിൽ പരിശോധന നടത്തുകയും അശ്രദ്ധ മായി വാഹനമോടിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | എങ്കിൽ ഈ പോരായ്മ നികത്തുന്നതിന് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്ക ന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദീക രിക്കുമോ? | (സി) | സേഫ് കേരള പദ്ധതി പ്രകാരം എൻഫോഴ്സ്മെന്റ് സ്ക്വാഡ് വിപുലപ്പെടുത്തുന്നതോടെ പരിശോധന കൂടുതൽ കർശനമാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ